vernacular education. When the Director of Education recommended that it may be reduced from 5 to 4 it never was considered whether even 5 years course of vernacular education was sufficient, with the syllabus then in existence. Now it has been found that the standard of vernacular education is low, that it needs improvement in many respects and that was why the Government decided upon a special enquiry. That was one ground which did not exist and which makes a review possible.

Extension of franchise for Panchayat elections.

298. മിസ്റ്റർ ടി. കെ. നായർ.—(എ) ഒരു വില്ലേജിൽ താമസിക്കുന്ന 21 വയസ്സ് കഴിഞ്ഞ എല്ലാ സ്ത്രീ പുരുഷന്മാർക്കും പഞ്ചായത്തിലേക്കുള്ള വോട്ടധികാരം കൊടുത്തതിനു ശേഷം പഞ്ചായത്തു തിരഞ്ഞെടുപ്പുകൾ നടത്തുന്നതു പലവിധത്തിലുള്ള ആക്ഷേപങ്ങൾക്കു കാരണമായി തീർന്നിട്ടുണ്ടെന്നു ഗവർമ്മെണ്ടു് ധരിച്ചിട്ടുണ്ടോ;

(ബി) ഈ നിയമം നടപ്പിൽ വന്നതിനുശേഷം പഞ്ചായത്തു തിരഞ്ഞെടുപ്പുകളെപ്പറ്റി വല്ല ആക്ഷേപങ്ങളും കിട്ടീട്ടുണ്ടോ;

(സി) നികുതിയൊ വിദ്യാഭ്യാസമൊ ഏതെങ്കിലും ഇല്ലാത്തവർക്കും വോട്ടധികാരം കൊടുക്കുവാൻ വല്ല പ്രത്യേക കാരണങ്ങളും ഉണ്ടോ?

മിസ്റ്റർ പി. വി. റാഫേൽ.—(എ) ഉവ്വ്.

(ബി) ഉവ്വ്

(സി) നിയമനിർമ്മാണസഭയിൽ പ്രായം തീകഞ്ഞവർക്കെല്ലാം വോട്ടവകാശം കൊടുക്കേണ്ടതാണെന്നു അഭിപ്രായപ്പെട്ടതുകൊണ്ടു്.

മിസ്റ്റർ ടി. കെ. നായർ.—ഈ ആക്ഷേപങ്ങൾ കിട്ടിയതിനു് എന്തെങ്കിലും ഗവർമ്മെണ്ടു് പ്രവർത്തിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. വി. റാഫേൽ.—ആക്ഷേപം കിട്ടി. ആക്ഷേപം അയയ്ക്കേണ്ട മാതിരി അയയ്ക്കാഞ്ഞതുകൊണ്ടു് ഒന്നുംചെയ്തിട്ടില്ല. പഞ്ചായത്തു റഗുലേഷനിൽ ആക്ഷേപം ഇന്നിന്ന മാതിരിയായിരിയ്ക്കണമെന്നു നിബ്ബന്ധമുണ്ടു്. അങ്ങിനെയല്ലാത്തതുകൊണ്ടു് അതു് തള്ളിക്കളഞ്ഞു.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഈ നിയമങ്ങൾ നടപ്പിൽ വരുന്നതിനു് മുമ്പു് വല്ല ആക്ഷേപവും കിട്ടീട്ടുണ്ടോ?

മിസ്റ്റർ പി. വി. റാഫേൽ.—ഉവ്വ്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഇതു് നടപ്പിൽ വന്നതിനുശേഷം വല്ല ആക്ഷേപവും കിട്ടീട്ടുണ്ടോ?

മിസ്റ്റർ പി. വി. റാഫേൽ.—അതും വന്നിട്ടുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ആക്ഷേപങ്ങൾ മുമ്പിലത്തെക്കാൾ ഇപ്പോൾ കൂടുതലായിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. വി. റാഫേൽ.—കൂടുതലായിട്ടൊന്നും പറവാൻ തരമില്ല.

മിസ്റ്റർ ടി. കെ. നായർ.—പുതിയ തിരഞ്ഞെടുപ്പുരീതികളെ സംബന്ധിച്ചു ആക്ഷേപം കിട്ടീട്ടുണ്ടോ?

മിസ്റ്റർ പി. വി. റാഫേൽ.—തിരഞ്ഞെടുപ്പിനെ പറ്റിയുള്ള ആക്ഷേപങ്ങൾ പലതും കാണും.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഇതിനു് എന്തെങ്കിലും നിവാരണമാർഗ്ഗം ആലോചിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. വി. റാഫേൽ.—ഇപ്പോൾ പ്രത്യേകിച്ചൊന്നും ആലോചിയ്ക്കുവാനില്ല. മെജാറിറ്റി നിയമം പാസായതിനുശേഷം വേണ്ടതു് ആലോചിച്ചു ചെയ്യാം.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഈ നിയമ സഭയിൽ ആവശ്യപ്പെട്ടിട്ടുള്ളതെല്ലാം പഞ്ചായത്തിനു് കൊടുക്കാമെന്നാണോ പറഞ്ഞിരിയ്ക്കുന്നതു്. ഇവിടെ ആവശ്യപ്പെട്ടിട്ടുള്ളതൊക്കെ കൊടുക്കാറുണ്ടോ?

മിസ്റ്റർ പി. വി. റാഫേൽ.—കഴിയുന്നതൊക്കെ ചെയ്തുകൊടുക്കുകയാണു് പതിവു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഏതു രീതിയിലാണു് ഈ ആക്ഷേപം വന്നതു്?

മിസ്റ്റർ പി. വി. റാഫേൽ.—തിരുവിതാംകൂർ മുതലായ സ്ഥലങ്ങളിൽനിന്നു വയസ്സു തികയാത്ത ആളുകളും വരുന്നുണ്ടെന്നാണു് ആക്ഷേപം.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—വോട്ടേഴ്സു് ലിസ്റ്റു് തയ്യാറാക്കാതെ ഇതു നിയമമാക്കുമെന്നു ഗവർമ്മെണ്ടു് വിചാരിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. വി. റാഫേൽ.—വോട്ടേഴ്സു് ലിസ്റ്റുകൊണ്ടു് ശരിയാകുന്ന കാര്യം സംശയമാണു്.

Principle of Seniority between men in service and men recruited from the Bar.

299. Mr. T. A. Ramachandra Ayyar—(1) Will the Government be pleased to state what is the principle followed in considering seniority as between persons recruited directly from the Bar and persons in the State Service;

(2) has there been any change of the principle in considering the question of Mr. C. S. Ikkanda Warriar, of late;

(3) if so, what is the reason for the change?

Rama Varmha Tampuran—(1) Like other cases this is also governed by provision in S. O. Nos. 16 and 17.

(2) No.

(3) No answer is called for in view of the answer to (2)

LIBRARY ARCHIVES Kerala Legislative Assembly